(സി) ഇല്ല.

(ഡി) വ്യക്തമായ പരാതി ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

തിരുവല്ല നിയോജക മണ്ഡലത്തിൽ മാവേലിസ്റ്റോർ ആരംഭിക്കുവാനുള്ള ഉത്തരവ്

134 (3324) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല നിയോജകമണ്ഡലത്തിൽ കടപ്ര ഗ്രാമപഞ്ചായത്തിലെ പരുമലയിൽ മാവേലിസ്റ്റോർ ആരംഭിക്കുവാനുള്ള ഉത്തരവ് നൽകിയിരുന്നുവോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ഹാജരാക്കാമോ ;

(ബി) പ്രസ്തുത മാവേലിസ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) മാവേലിസ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന് മൂന്ന് വർഷത്തേയ്ക്കുള്ള വാടക കടപ്ര ഗ്രാമ പഞ്ചായത്ത് നൽകാമെന്ന് സിവിൽ സപ്ലൈസ് വകുപ്പു അധികൃതരെ അറിയിച്ചിരുന്നോ ;

(ഡി) പരുമലയിൽ മാവേലിസ്റ്റോർ എന്ന് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) കടപ്ര ഗ്രാമപഞ്ചായത്തിലെ പരുമലയിൽ മാവേലി സ്റ്റോർ ആരംഭിക്കുവാനുള്ള ഉത്തരവൊന്നും നൽകിയിട്ടില്ല. ഒരു നിയോജകമണ്ഡലത്തിൽ പുതിയ ഒരു മാവേലിസ്റ്റോർ എന്ന സർക്കാർ തീരുമാനപ്രകാരം കടപ്ര പഞ്ചായത്തിൽ മാവേലിസ്റ്റോർ ആരംഭിക്കണമെന്ന് സ്ഥലം എ.എൽ.എയുടെ നിർദ്ദേശം പരിശോധിച്ചുവരുന്നു.

(സി & ഡി) ഗ്രാമപഞ്ചായത്തിൽ നിന്നും 3 വർഷത്തേക്ക് വാടക നൽകിക്കൊള്ളാമെന്ന നിർദ്ദേശം നിലവിലുണ്ട്. കടപ്ര പഞ്ചായത്തിൽ തിക്കപ്പുഴ എന്ന സ്ഥലത്താണ് സ്റ്റോർ തുടങ്ങുന്നതിന് പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിച്ചിട്ടുള്ളത്. എം.എൽ.എ. നിർദ്ദേശിക്കുന്ന സ്ഥലത്തു തുടങ്ങാൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാമധേനു ഇൻഷ്വറൻസ് പദ്ധതി

135 (3325) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പ്രകാശ് ബാബു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാമധേനു ഇൻഷ്വറൻസ് പദ്ധതി പ്രകാരം എത്ര കറവ പശുക്കളേയും ഉടമകളേയും ഇൻഷ്വർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly